# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ഓഗസ്റ്റ് 20

# വാർത്താക്കുറിപ്പ്

## പരീക്ഷ ഫലം

2019 ഫെബ്രുവരിയിൽ സ്കൂൾ ഓഫ് മാനേജ്മെന്റ് ആൻഡ് ബിസിനസ് സ്റ്റഡീസിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.ബി.എ. (റഗുലർ, റീ അപ്പിയറൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/1558/2019)

## പ്രാക്ടിക്കൽ

2019 ജൂലൈയിൽ നടന്ന രണ്ടാം സെമസ്റ്റർ എം .എസ് സി. ഫിസിക്സ് (മെറ്റീരിയൽ സയൻസ്- റഗുലർ, സപ്ലിമെന്ററി, മേഴ്സി ചാൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഓഗസ്റ്റ് 22, 26 തീയതികളിൽ പത്തനംതിട്ട കാതോലിക്കേറ്റ് കോളജിൽ നടക്കും . വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1559/2019)

2019 ജൂലൈയിൽ നടന്ന രണ്ടാം സെമസ്റ്റർ എം .എസ് സി. ബയോകെമിസ്ട്രി(സി.എസ്.എസ്. 2018 അഡ്മിഷൻ റഗുലർ /2015, 2016, 2017 അഡ്മിഷൻ സപ്ലിമെന്ററി /2012, 2013, 2014 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ ഓഗസ്റ്റ് 29 മുതൽ ആരംഭിക്കും . വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1560/2019)

## എം.ജിയിൽ സദ്ഭാവന ദിനാചരണം

മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ ജന്മദിനം സദ്ഭാവന ദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി മഹാത്മാഗാന്ധി സർവകലാശാലയിൽ ജീവനക്കാർ സദ്ഭാവനദിന പ്രതിജ്ഞയെടുത്തു . വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അധ്യക്ഷത വഹിച്ചു.

രജിസ്ട്രാർ പ്രൊഫ. കെ. സാബുക്കുട്ടൻ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. സിൻഡിക്കേറ്റംഗങ്ങളായ ഡോ. ആർ. പ്രഗാഷ്, ഡോ. എ. ജോസ്, പ്രൊഫ. വി.എസ്. പ്രവീൺ കുമാർ, ഫിനാൻസ് ഓഫീസർ വൽസമ്മ കരുണാകരൻ എന്നിവർ പ്രസംഗിച്ചു.

### പടം കാപ്ഷൻ

മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ ജന്മദിനം സദ്ഭാവന ദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി മഹാത്മാഗാന്ധി സർവകലാശാലയിൽ നടന്ന ദിനാചരണത്തിൽ വൈസ് ചാൻസലർ പ്രൊഫ . സാബു തോമസ് പ്രസംഗിക്കുന്നു.

മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ ജന്മദിനം സദ്ഭാവന ദിനമായി ആചരിക്കുന്ന തിന്റെ ഭാഗമായി മഹാത്മാഗാന്ധി സർവകലാശാലയിൽ ജീവനക്കാർ സദ്ഭാവനദിന പ്രതിജ്ഞയെടുക്കുന്നു.

(പി.ആർ.ഒ./39/1561/2019)

## 'വൃക്ഷ വൈദ്യം' ഡോക്യുമെന്ററി പ്രദർശിപ്പിച്ചു

മഹാത്മാ ഗാന്ധി സർവകലാശാല സെന്റർ ഫോർ യോഗ ആന്റ് നാച്ചുറോപ്പതിയുടെ ആഭിമുഖ്യത്തിൽ സ്‌ കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്‌മെന്റ് സ്റ്റഡീസിന്റെ സഹകരണത്തോടെ ഡോക്യുമെന്ററി പ്രദർശനം നടത്തി.

ഗവേഷകനായ എൽദോ ജേക്കബ് സംവിധാനം ചെയ്ത 'വൃക്ഷ വൈദ്യം ' ഡോക്യുമെന്ററിയുടെ പ്രദർശനം രജിസ്ട്രാർ പ്രൊഫ . കെ. സാബുക്കുട്ടൻ ഉദ്ഘാടനം ചെയ്തു . സെന്റർ ഫോർ യോഗ ആന്റ് നാച്ചുറോപ്പതി ഡയറക്ടർ ഡോ. സി.ആർ. ഹരിലക്ഷ്മീന്ദ്രകുമാർ, വനം-വന്യജീവി ബോർഡംഗം കെ . ബിനു, ഡോ. പി.പി. നൗഷാദ്, എം.ജി.യു.ഇ.എ. പ്രസിഡന്റ് ജെ. ലേഖ, എൽദോ ജേക്കബ് , സി.വി. ജനനി എന്നിവർ പ്രസംഗിച്ചു . പരിസ്ഥിതി പ്രവർത്തകനും വൃക്ഷ ചികിത്സകനുമായ കെ . ബിനുവിനെക്കുറിച്ചുള്ള ഡോക്യുമെന്ററിയാണ് പ്രദർശിപ്പിച്ചത്.

### പടം കാപ്ഷൻ

മഹാത്മാ ഗാന്ധി സർവകലാശാല സെന്റർ ഫോർ യോഗ ആന്റ് നാച്ചുറോപ്പതിയുടെ ആഭിമുഖ്യത്തിൽ സ്‌ കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്‌മെന്റ് സ്റ്റഡീസിൽ സംഘടിപ്പിച്ച ഡോക്യുമെന്ററി പ്രദർശനം രജിസ്ട്രാർ പ്രൊഫ. കെ. സാബുക്കുട്ടൻ ഉദ്ഘാടനം ചെയ്യുന്നു.

(പി.ആർ.ഒ./39/1562/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ